# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 18.09.2019

**വന്യജീവി വാരാഘോഷം:**
**വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങൾ**

ഒക്ടോബർ 2 മുതൽ 8 വരെ ആഘോഷിക്കുന്ന ഈ വർഷത്തെ വന്യജീവി വാരത്തോടനുബന്ധിച്ച് വനം-വന്യജീവി വകുപ്പ് സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ഒക്ടോബർ 2,3 തീയതികളിൽ ജില്ലാതല മത്സരങ്ങളും, 8-ാം തീയതി തിരുവനന്തപുരത്ത് സംസ്ഥാനതല മത്സരങ്ങളും നടത്തും. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയേയും, വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലുമാണ് മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്.

എല്ലാസർക്കാർ/എയിഡഡ്/അംഗീകൃത/സ്വാശ്രയസ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. പ്ലസ് വൺ മുതൽ മുകളിലോട്ടുള്ളവർക്ക് കോളേജ് വിഭാഗത്തിൽ മത്സരിക്കാം. പ്രൊഫഷണൽ കോളേജുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. രണ്ട് പേരടങ്ങുന്ന ഒരു ടീം ആയിരിക്കണം ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. മറ്റു മത്സരങ്ങൾക്ക് രണ്ടു പേർക്ക് വരെ ഓരോ സ്ഥാപനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാം. പ്രസംഗ മത്സരവും ഉപന്യാസ മത്സരവും മലയാള ഭാഷയിലായിരിക്കും സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഓരോ മത്സരയിനത്തിലേയും ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിക്കും. ജില്ലാതല മത്സരങ്ങളിൽ ഒന്നാം സമ്മാനം നേടുന്നവർക്ക് ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും പുറമെ റോളിംഗ് ട്രോഫിയും സമ്മാനിക്കുന്നതാണ്. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും അനുഗമിക്കുന്ന ഒരു രക്ഷകർത്താവിനും ഭക്ഷണവും താമസസൗകര്യവും, സ്ളീപ്പർ ക്ലാസ്സ് യാത്രാ ചെലവും നൽകുന്നതാണ്.

സംസ്ഥാനതല മത്സരവിജയികൾക്കുള്ള സമ്മാനദാനം ഒക്ടോബർ 8-ന് നടക്കുന്ന സമാപന ചടങ്ങിൽ നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് അതാതു ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുമായോ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസുമായോ (0471-2529335,0471-2529303) ബന്ധപ്പെടേണ്ടതാണ്. വനം വകുപ്പിന്റെ വെബ്സൈറ്റിലും (www.forest.kerala.gov.in) വിവരങ്ങൾ ലഭ്യമാണ്.

ഡോ. അജിത് കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ